**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1710** **04-02-2026 - ൽ മറുപടിയ്ക്ക്**

**രണ്ടാം കുട്ടനാട് പാക്കേജിൽ കാർഷിക മേഖലയിൽ നടപ്പാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | രണ്ടാം കുട്ടനാട് പാക്കേജിന്റെ ഭാഗമായി കാർഷിക മേഖലയിൽ നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | **2018 പ്രളയാനന്തരം കുട്ടനാടിലെ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന ആസൂത്രണ ബോർഡും അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രവും (IRTCBSF) പ്രത്യേകമായി പഠനം നടത്തുകയും, രണ്ടാം കുട്ടനാട് പാക്കേജിന്റെ ഭാഗമായി പദ്ധതികൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കാനുള്ള പ്രസ്തുത പദ്ധതിയിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | കുട്ടനാട്ടിലെ മടവീഴ്ച തടയാനും കാർഷിക ഉപകരണങ്ങളും നെല്ലും കൊണ്ടുപോകുന്നതിന് പുറം ബണ്ടുകൾ ബലപ്പെടുത്തിയ ട്രാക്ടർ റോഡുകൾ നിർമ്മിക്കുവാൻ രണ്ടാം കുട്ടനാട് പാക്കേജിൽ നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കുട്ടനാട് മേഖലയിലെ പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ, വെള്ളക്കെട്ട് തടയുന്നതിനും, ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ, നിലവിൽ സർക്കാർ പരിഗണനയിലുള്ള പദ്ധതി നിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രദേശത്തെ വിളകളുടെ ഉത്പാദന - സംഭരണ-സംസ്കരണ മേഖലകളിലെ അടിസ്ഥാനസൗകര്യ വർദ്ധനവ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. |
| (സി) | രണ്ടാം കുട്ടനാട് പാക്കേജ് സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | രണ്ടാം കുട്ടനാട് വികസന പാക്കേജ് നടപ്പാക്കുന്നതിനെ സംബന്ധിച്ച് 2020-21 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി (ക്രമ നം. 105) പ്രഖ്യാപിക്കുകയുണ്ടായി. ടി പദ്ധതിയ്ക്ക് വളരെ ഉയർന്ന തോതിലുള്ള വിഭവ സ്രോതസ്സുകൾ ആവശ്യമായതിനാൽ പതിനാറാം ധനകാര്യ കമ്മീഷന്റെ പ്രത്യേക പരിഗണനയ്ക്കായും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പാക്കേജ് കാര്യക്ഷമമായി നടപ്പാക്കുന്നതിനും കുട്ടനാടിന്റെ സമഗ്ര വികസനത്തിനുള്ള വിവിധ വകുപ്പുകളുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## സംസ്ഥാന ആസൂത്രണ ബോർഡ് സമർപ്പിച്ച പദ്ധതി പ്രവർത്തനങ്ങൾ :

| ക്രമ നം | പ്രവർത്തനം | ആകെ ചെലവ് (കോടി രൂപയിൽ) |
|---|---|---|
| 1 | കൃഷി, മണ്ണ് – സസ്യ ആരോഗ്യം, വിലനിർണ്ണയം, വിപണി ബന്ധങ്ങൾ, സംഭരണം, മൂല്യവർദ്ധനവ് തുടങ്ങിയ സേവനങ്ങൾ സംയോജിപ്പിക്കുക വഴി കുട്ടനാടിനെ ഒരു പ്രത്യേക കാർഷിക മേഖലയാക്കി മാറ്റുക | 10 |
| 2 | രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാമിന്റെ (RSGP) പരിഷ്കരണം | 10 |
| 3 | വിത്ത് സംസ്കരണം, തരംതിരിക്കൽ, സംഭരണം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസനം | 3 |
| 4 | വിത്ത് പരിശോധനാ ലബോറട്ടറി | 0.5 |
| 5 | കുട്ടനാട് മേഖലയിലെ പ്രധാന വിളകളുടെ ജനിതക ശേഖര സംരക്ഷണ മാർഗ്ഗങ്ങൾ | 0.7 |
| 6 | ഞവര നെൽകൃഷിയുടെ വിപണി ബന്ധിത പുനരുജ്ജീവനം | 0.25 |
| 7 | നെൽകൃഷിയിൽ വിള കലണ്ടർ തയ്യാറാക്കൽ | 0.1 |
| 8 | പരമ്പരാഗത പെട്ടിയും പറയും മാറ്റി VAF പമ്പ് സെറ്റുകൾ സ്ഥാപിക്കൽ | 200 |
| 9 | മണ്ണിന്റെ ആരോഗ്യ പരിപാലനം – മണ്ണ് പരിശോധനകളെ അടിസ്ഥാനമാക്കിയുള്ള വളപ്രയോഗത്തെ സംബന്ധിച്ച ഡാറ്റാ ബാങ്ക് സൃഷ്ടിക്കൽ | 1 |
| 10 | നെൽകൃഷിയുടെ യന്ത്രവൽക്കരണം മെച്ചപ്പെടുത്തുന്നതിനായി കസ്റ്റം ഹയറിംഗ് സെന്ററുകളുടെ പ്രോത്സാഹനം | 1 |
| 11 | നെല്ലടിസ്ഥിത സംയോജിത കൃഷി പ്രോത്സാഹിപ്പിക്കൽ – നെല്ല് – മത്സ്യം / താറാവ് – കന്നുകാലികൾ എന്നിവ ചേർന്ന കൃഷിരീതി | 16 |
| 12 | കന്നുകാലി വളർത്തൽ, വീട്ടുവളപ്പിൽ മത്സ്യബന്ധനം, പച്ചക്കറികളും കിഴങ്ങുവർഗ്ഗങ്ങളും ഉപയോഗിച്ചുള്ള ഇടവിള കൃഷി തുടങ്ങിയ വരുമാനദായക പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച്, നാളികേര പുനരുജ്ജീവന പരിപാടി | 3 |
| 13 | അപ്പർ കുട്ടനാട്ടിൽ കരിമ്പ് കൃഷി ഉൾപ്പെടുന്ന സംയോജിത കൃഷി സമ്പ്രദായം | 0.25 |
| 14 | കാർഷിക സർവകലാശാലയുടെ സഹായത്തോടെ കുട്ടനാട്ടിലെ പരിസ്ഥിതി നിരീക്ഷണം ശക്തിപ്പെടുത്തൽ | 1 |
| 15 | ജൈവകൃഷിഗവേഷണങ്ങൾക്കായി ഒരു പരിശീലന–ഗവേഷണ കേന്ദ്രം സ്ഥാപിക്കുക | 0.2 |
| 16 | പൊക്കാളി നെൽകൃഷിയും കുട്ടുമുണ്ടകൻ സമ്പ്രദായവും ശക്തിപ്പെടുത്തുക | 5 |

| | ആകെ | 252 |
|---|---|---|

**അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലനകേന്ദ്രം സമർപ്പിച്ച പദ്ധതി പ്രവർത്തനങ്ങൾ :**

| ക്രമ നം | പ്രവർത്തനം | ആകെ ചെലവ് (കോടി രൂപയിൽ) |
|---|---|---|
| 1 | മണ്ണിന്റെ ആരോഗ്യ നിരീക്ഷണം | 5 |
| 2 | ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള മണ്ണ് നിരീക്ഷണ ഡാറ്റാ സംവിധാനത്തിന്റെ വികസനം | 3 |
| 3 | സ്ലോ റിലീസ് വളങ്ങൾ പ്രോത്സാഹിപ്പിക്കൽ | 7.5 |
| 4 | ജൈവ കീടനിയന്ത്രണ ഏജന്റുകളുടെ / ജൈവ വളങ്ങളുടെ ഉൽപാദനവും വിതരണവും | 3 |
| 5 | നദീതീരത്തെ സിൽറ്റ് (river silt )അടിസ്ഥാനമാക്കിയുള്ള ജൈവ വള വികസന പരിപാടി | 5 |
| 6 | കാർഷിക ജൈവവൈവിധ്യ ഘടകങ്ങളുടെ സംരക്ഷണം; വിളകൾ, കന്നുകാലികൾ & മത്സ്യം തുടങ്ങിയവ | 5 |
| 7 | കുട്ടനാട് മേഖലയിലെ പ്രധാന വിളകളുടെ ജനിതക ശേഖര സംരക്ഷണ മാർഗ്ഗങ്ങൾ, National Germ plasm Centre സ്ഥാപിക്കൽ | 5 |
| 8 | കീട പ്രവചനകേന്ദ്രങ്ങൾ സ്ഥാപിക്കൽ, ഏരിയൽ കീട സർവേയ്ക്കുള്ള യു.എ.വി സംവിധാനം, സസ്യാരോഗ്യ ക്ലിനിക്ക് | 3 |
| 9 | ഗവേഷണ-വിജ്ഞാന വ്യാപന ശക്തിപ്പെടുത്തൽ (ആർ & ഡി സെന്ററുകൾ) | 5 |
| 10 | കൃത്യതകൃഷി, പോളി ഹൗസ് കൃഷി- പ്രദർശനതോട്ടങ്ങൾ | 2 |
| 11 | വെള്ളപ്പൊക്കത്തിൽ രൂപീകരിക്കപ്പെട്ട സമതലങ്ങളിലും നദീതീരങ്ങളിലും കരിമ്പ് കൃഷി, സംയോജിത പച്ചക്കറി കൃഷി, ജി.ഐ. ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക | 2 |
| 12 | കാർഷിക യന്ത്ര സേവന കേന്ദ്രം, കസ്റ്റം ഹയറിംഗ് കേന്ദ്രം, കാർഷിക കർമ്മസേന സ്ഥാപിക്കൽ | 50 |
| 13 | ജലനിർഗ്ഗമന പ്രവർത്തനം - പമ്പിംഗ് ഉപകരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കൽ | 60 |
| 14 | നാളികേരാടിസ്ഥിത സംയോജിത കൃഷി മാതൃകകൾ വികസിപ്പിക്കൽ - ജൈവ ഗ്രാമം, അക്വാ പാർക്കുകൾ, ഡൈക്കുകൾ തുടങ്ങിയവ | 30 |
| 15 | മൾട്ടി കമ്മോഡിറ്റി ഫാമിംഗ് നെല്ല്-മത്സ്യം-താറാവ്-എരുമ കൃഷി സംവിധാനം | 10 |
| 16 | കുട്ടനാടിനെ ഒരു സ്പെഷ്യൽ അഗ്രികൾച്ചറൽ സോൺ ആയി വികസിപ്പിക്കൽ | 5 |

| | | |
|---|---|---|
| 17 | കുട്ടനാടൻ ഭക്ഷ്യ-കാർഷിക ഉൽപ്പന്നങ്ങൾക്കായുള്ള വിശാല വിപണികൾ – റൈസ് പാർക്ക്, ജി.ഐ.എ.എച്ച്.എസ്. ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ സ്ഥാപിക്കൽ | 30 |
| | **ആകെ** | **230.5** |

**സെക്ഷൻ ഓഫീസർ**